LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് സ്ത്രീകളും കുട്ടികളും കൊലചെയ്യപ്പെട്ടിട്ടുള്ള കണക്ക്

98 [99] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര സ്ത്രീകളും കുട്ടികളും കൊലചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കൊലചെയ്യപ്പെട്ട സ്ത്രീകളിൽ എത്രപേർ പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ എത്രയെണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) 336 സ്ത്രീകളും, 202 കുട്ടികളും കൊലചെയ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് 483 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കൊലചെയ്യപ്പെട്ട സ്ത്രീകളിൽ 60 പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവരാണ്.

(ഡി) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ 305 എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ഇ) 14 കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

ബലാൽസംഗ കേസുകൾ

99 [100] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര ബലാൽസംഗ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ബലാൽസംഗക്കേസുകളിൽപ്പെട്ട എത്ര പ്രതികളെ ശിക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1,366 ബലാൽസംഗ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 899 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ബലാൽസംഗ കേസുകളിൽപ്പെട്ട 17 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്.

പെൺവാണിഭ കേസുകൾ

100 [101] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 2004 ജൂൺ 15 വരെ എത്ര പെൺവാണിഭ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതി യിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) 34 പെൺവാണിഭ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 20 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) തമ്പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 85/04, പൂജപ്പുര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 83/04, നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 186/03, നടക്കാവ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 420/02, 486/02 എന്നിവ

2001 മുതൽ 2003 വരെയുള്ള ആത്മഹത്യകളുടെ വിവരം

101 [102] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ (2001, 2002, 2003) കേരള സംസ്ഥാനത്തിൽ ആകെ എത്ര ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര പേർ സ്ത്രീകളാണെന്ന് വ്യക്തമാക്കുമോ;

(സി) ആത്മഹത്യ ചെയ്ത സ്ത്രീകളുടെ ആത്മഹത്യാകാരണങ്ങളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly